പത്രക്കുറിപ്പ്
27-5-2017

## കുടുംബശ്രീ കലാസന്ധ്യയ്ക്ക് നിറം പകരാൻ ഭിന്നലിംഗ വിഭാഗത്തിൽപെട്ടവരും

ആലപ്പുഴ: കുടുംബശ്രീ കലാവേദിയിൽ ചടുലനൃത്തച്ചുവടുകളുമായി അവരെത്തിയപ്പോൾ കാണികൾ കൈയ്യടിച്ചു വരവേറ്റു. തിളങ്ങുന്ന കോസ്റ്റ്യൂമിൽ അടിപൊളിപ്പാട്ടിനൊപ്പിച്ച് അവർ നൃത്തം ചെയ്തപ്പോൾ ഭക്ഷ്യമേളയ്ക്കെത്തിയവരും കാണികൾക്കൊപ്പം കൂടി.

കുടുംബശ്രീ ഭിന്നലിംഗ വിഭാഗത്തിൽ പെട്ടവർക്കായി രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടമായ മനസ്വിനി കുടുംബശ്രീയിലെ അംഗങ്ങളായ അഭി, പ്രശാന്ത്, മനു, ഗീതു, ലയ, അജിത് എന്നിവരാണ് വേദിയിൽ വിവിധ നൃത്തങ്ങൾ അവതരിപ്പിച്ചത്. ഇതാദ്യമായാണ് കുടുംബശ്രീയിൽ ഭിന്നലിംഗവിഭാഗത്തിൽ പെട്ടവർക്കായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത്. പത്തു പേരുള്ള അയൽക്കൂട്ടത്തിൽ നിന്നും വാർഷിക പരിപാടിയിൽ പങ്കെടുക്കാൻ ജില്ലയിൽ എത്തിയത്.

ക്ളാസിക്കൽ നൃത്തം അഭ്യസിച്ചിട്ടുള്ള അഭിയുടെ നേതൃത്വത്തിലാണ് സംഘത്തിന്റെ നൃത്ത പരിശീലനം. അഭി കോട്ടയത്ത് സമൃദ്ധി സുരക്ഷ പദ്ധതിയിൽ ഫീൽഡ് ഓഫീസറായി പ്രവർത്തിക്കുന്നു. പലരും ടെലിവിഷൻ ചാനലിന്റെ പരിപാടികളിലും മറ്റും പങ്കെടുക്കുന്നവരാണ്. സംഘത്തിലെ സുന്ദരിയായ ലയ യാകട്ടെ പ്രശസ്ത മേക്കപ്പ് ആർട്ടിസ്റ്റുകളായ രഞ്ജു രഞ്ജിമാർ ട്രാൻസ് ജെൻഡേഴ്സിനായി സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ദ്വയ ക്വീൻ 2017 ന്റെ ഗ്രാൻഡ് ഫിനാലെയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്റെ സന്തോഷത്തിലാണ്. കൊല്ലത്തും കൊച്ചിയിലുമായി നടന്ന ഓഡിഷനിൽ 28 പേരിൽ നിന്നും തിരഞ്ഞെടുത്ത 16 പേരിൽ ഒരാളാണ് ലയ. ജൂൺ 15ന് കൊച്ചിയിലെ വൈറ്റ് ഫോർട്ടിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ കിരീടമണിയാൻ റാമ്പിൽ ചുവടു വയ്ക്കുന്ന പരിശീലനത്തിലാണ് ലയ ഇപ്പോൾ.

കലാപരിപാടികൾ ഉണ്ടെങ്കിലും അത് സീസൺ അനുസരിച്ചു മാത്രമാണ്. " എല്ലാവരും കരുതുന്നത് ഞങ്ങൾ ട്രാൻസ്ജെൻഡേഴ്സ് ആയതുകൊണ്ട് ലൈംഗികത്തൊഴിലാളികളാണെന്നാണ്. പക്ഷേ ഞങ്ങൾ അങ്ങനെയല്ല." ലയ പറയുന്നു. കുടുംബശ്രീ ഞങ്ങൾക്ക് എല്ലാ പിന്തുണയും നൽകുന്നുണ്ട്. ഇനി സ്ഥിരമായി വരുമാനം ലഭിക്കുന്ന ഒരു ജോലി വേണം. ഞങ്ങൾക്കിഷ്ടമുള്ള വേഷം ധരിച്ച് നടക്കാനും വീട്ടുകാരുടെ കൂടെ തന്നെ താമസിക്കാനുമാണ് ഞങ്ങളെല്ലാം ആഗ്രഹിക്കുന്നത്. മാന്യമായ തൊഴിൽ സംരംഭങ്ങളെന്തെങ്കിലും തുടങ്ങണം. മറ്റുള്ളവരെ പോലെ തന്നെ ഈ സമൂഹത്തിൽ ജീവിക്കാൻ ഞങ്ങൾക്കും കഴിയണം. അതിനാണ് ഞങ്ങളുടെ ശ്രമം." ലയ പറയുമ്പോൾ മറ്റുള്ളവരും അത് ശരി വയ്ക്കുന്നു.

കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമായതോടെ ഇവരുടെ ആഗ്രഹമനുസരിച്ച് സൂക്ഷ്മസരംഭങ്ങൾ രൂപീകരിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനുള്ള പരിശ്രമങ്ങളിലാണ് കുടുംബശ്രീയുടെ അധികൃതർ.

കലാപരിപാടികൾ ഡി.വൈ.എസ്.പി ഷാജഹാൻ എം.ഇ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ നാടകം, കോൽകളി, സിംഗിൾ ഡാൻഡ്, ഗ്രൂപ്പ് ഡാൻസ്, തിരുവാതിര എന്നിവ വേദിയിൽ അവതരിപ്പിച്ചു. ജില്ലാ മിഷൻ അസി. കോ-ഓർഡിനേറ്റർ സുനിൽ.പി സ്വാഗതവും വേണുഗോപോൽ നന്ദിയും പറഞ്ഞു.